LIBRARY ARCHIVES Kerala Legislative Assembly

ലാപ്ടോപ്പ് വിതരണ പദ്ധതി

123 (1853) ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയുടെ സാഹചര്യത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന് സാഹചര്യം ഒരുക്കുന്നതിനായി കുടുംബശ്രീകൾ മുഖേന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതി കെ.എസ്.എഫ്.ഇ. ആവിഷ്കരിച്ചിട്ടുണ്ടോ?

കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഓൺലൈൻ വിദ്യാഭ്യാസത്തിനായി ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി "കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി കെ.എസ്.എഫ്.ഇ. നടപ്പാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ലാപ്ടോപ്പ് വിതരണത്തിനായി എംപാനൽ ചെയ്ത കമ്പനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

COCONICS, ACER, HP, LENOVO എന്നീ നാല് കമ്പനികളാണ് പ്രസ്തുത പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ളത്.

(സി) ഈ പദ്ധതിയിൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

പദ്ധതിയിൽ ഇതുവരെ അപേക്ഷിച്ചിട്ടുള്ള 95,293 അപേക്ഷകരിൽ 68,498 അപേക്ഷകരാണ് ലാപ്ടോപ്പ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ COCONICS കമ്പനിയുടെ 2,150 ലാപ്ടോപ്പുകളും ACER കമ്പനിയുടെ 3,049 ലാപ്ടോപ്പുകളുമടക്കം മൊത്തം 5,199 ലാപ്ടോപ്പുകളാണ് കുടുംബശ്രീ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളത്.

(ഡി) എല്ലാ അപേക്ഷകർക്കും ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് സാധിക്കാത്ത സാഹചര്യം സംജാതമായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉണ്ട്. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ആഗോളതലത്തിൽ കമ്പ്യൂട്ടർ സാമഗ്രികളുടെ ലഭ്യതക്കുറവുമൂലം കമ്പനികൾക്ക് എല്ലാ അപേക്ഷകർക്കും ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്.